ഇഹ്സാൻ

# ലശ്കർ: ഇന്ത്യാ സഹായം ലിമിറ്റഡ്!

**ലാഹോറിൽ** ശ്രീലങ്കൻ ക്രിക്കറ്റ് ടീമിനെ ആക്രമിച്ചതിനു പിന്നിൽ പ്രവർത്തിച്ചതും ലശ്കറെ ത്വയ്യിബയാണെന്ന് ചിദംബര പ്രഭുവിന് 'വെളിപ്പെട്ടി'രിക്കുന്നു. ധാക്കയിലെ സൈനിക കലാപത്തിനു പിന്നിലും ലശ്കർ കരങ്ങളുണ്ടെന്നാണല്ലോ നേരത്തെ അദ്ദേഹം കണ്ടെത്തിയിരുന്നത്. മുംബൈയിൽ നടത്തിയ ആക്രമണത്തിന്റെ അതേ ശൈലിയിലാണ് ലാഹോറിലും ആക്രമണം നടന്നതെന്നാണ് സിദ്ധാന്തങ്ങളുടെ ചുവടൊപ്പിച്ച് നമ്മുടെ രാജ്യം എത്തിച്ചേർന്ന വിദഗ്ധമതം. നിരവധി പേർ തോക്കും ഗ്രെനേഡും മറ്റുമായി നേർക്കുനേരെ ഏറ്റുമുട്ടാൻ വരുന്ന പുതിയ ഏർപ്പാടിനെയാണ് ലശ്കർ മോഡൽ എന്ന് പറയുന്നത്. ബോംബുവെക്കുകയാണെങ്കിൽ അതിനു പിന്നിൽ ഇന്ത്യൻ മുജാഹിദീൻ തന്നെയാണെന്ന് നമ്മുടെ കുറ്റാന്വേഷണ വിദഗ്ധർ ഉറപ്പിച്ചു പറയുന്നതും ഇതുപോലുള്ള സിദ്ധാന്തങ്ങളുടെ ചുവടൊപ്പിച്ചാണ്.

ഒന്നുകിൽ ഈ സിദ്ധാന്തക്കാരുടെ തലയിൽ, അല്ലെങ്കിൽ ലശ്കറുകാരുടേതിൽ, വല്ലാതെ നിലാവെളിച്ചം കയറിയിട്ടുണ്ട്. മുംബൈ ആക്രമണം, ധാക്ക സംഭവം, ശ്രീലങ്ക സംഭവം എന്നിവ ചേർത്തുവായിക്കുമ്പോഴാണ് കുഴപ്പങ്ങളുടെ തുടക്കം, അതിലെല്ലാം പാകിസ്താൻ തൽപരകക്ഷിയാണെന്ന് കരുതുന്നിടത്തും. ലശ്കറെ ത്വയ്യിബ എന്ന പേരിൽ നമുക്കു മുന്നിലെത്തുന്ന സംഘം പാകിസ്താൻ എന്ന രാജ്യം കേന്ദ്രമാക്കി, അവരുടെ താൽപര്യങ്ങൾക്കായി പ്രവർത്തിക്കുന്ന ഭീകര സംഘടനയാണ് എന്ന സിദ്ധാന്തം ലോകരാജ്യങ്ങളെക്കൊണ്ട് അംഗീകരിപ്പിക്കുക എന്നതാണ് ഇന്ത്യ ഈയിടെയായി നടത്തിവരുന്ന നയതന്ത്രനീക്കങ്ങളുടെ ആകത്തുക. അതേസമയം പാകിസ്താൻകാരായ ചില വ്യക്തികൾ മറ്റേതൊക്കെയോ രാജ്യങ്ങളുടെ പ്രേരണക്കു വഴങ്ങി ചെയ്ത ഈ പ്രവൃത്തിയുടെ കുറ്റം ഏറ്റെടുക്കേണ്ട കാര്യമില്ലെന്നാണ് അവിടത്തെ സർക്കാറിന്റെ വിചാരം. അതുകൊണ്ടാണ് ആരോപണങ്ങളുടെ മുന തനിയെ ഒടിഞ്ഞുപോകുന്ന ശൈലിയിൽ മുറുക്കിയും അയച്ചും അവർ പ്രസ്താവനകൾ പുറപ്പെടുവിച്ചു കൊണ്ടിരിക്കുന്നത്. യഥാർഥ കുറ്റവാളികളെ വെളിച്ചത്തുകൊണ്ടുവരുന്നതിൽ പക്ഷേ അവർക്കും താൽപര്യമില്ല. കൂലിത്തൊഴിലാളികളുടെ മാത്രം പേരുവിവരങ്ങളാണ് അവർ ഉറക്കെ പറഞ്ഞു കൊണ്ടിരിക്കുന്നത്. ഇത് ലശ്കറിനെ സഹായിക്കുന്നതിന് തുല്യമാണെന്ന് വേണമെങ്കിൽ വിലയിരുത്താം. പക്ഷേ അങ്ങനെയെങ്കിൽ ലശ്കറിന്റെ നീക്കങ്ങൾ മറ്റാരെ തകർത്താലും പാകിസ്താനെയെങ്കിലും സഹായിക്കുന്നവയായി മാറേണ്ടിയിരുന്നു.

ശ്രീലങ്കൻ കളിക്കാർക്കു നേരെയുണ്ടായ ഇപ്പോഴത്തെ ആക്രമണം ലശ്കർ നടത്തി എന്നു പറയുമ്പോൾ ആശയക്കുഴപ്പമുണ്ടാക്കുന്ന നിരവധി ഘടകങ്ങൾ അതിലടങ്ങിയിട്ടില്ലേ? പാകിസ്താനെ ആഗോളതലത്തിൽ പൂർണമായും തകർക്കുന്നതിന് തുല്യമല്ലേ അത്? ലശ്കറിനെ പരോക്ഷമായിട്ടെങ്കിലും സഹായിക്കുന്നുവെന്ന് തോന്നാനിടയാക്കുന്ന എന്തെങ്കിലുമൊരു നീക്കം ഇനി പാകിസ്താനിൽ ഉണ്ടാവുമോ? സർക്കാർ മാത്രമല്ല പാകിസ്താൻ എന്ന രാജ്യത്തിന്റെ 98 ശതമാനം വികാരവും ലശ്കറിനെതിരെ തിരിഞ്ഞ സംഭവമാണിത്. മുംബൈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യ പാകിസ്താനിൽ കളിക്കാൻ മടിച്ച ക്രിക്കറ്റ് പരമ്പര ഭംഗിയായി നടത്തി തങ്ങളുടെ കൂടി മുഖം രക്ഷിക്കാനുള്ള അവസരം ഈ ലശ്കറുകാർ ഇവ്വിധം കളഞ്ഞുകുളിക്കുമെന്നാണോ കരുതേണ്ടത്? തങ്ങളെ പേടിച്ച് പാകിസ്താനിലേക്കു വരാതിരുന്ന ഇന്ത്യയുടെ പ്രവൃത്തി ശരിയാണെന്ന് സ്ഥാപിച്ചെടുക്കാൻ വേണ്ടിയാണല്ലോ ശ്രീലങ്കയെ ഇവർ ആക്രമിച്ചത്. അപ്പോൾ ലശ്കർ ഇന്ത്യയുടെ പക്ഷത്തോ അതോ പാകിസ്താന്റെ പക്ഷത്തോ? പാവപ്പെട്ട ശ്രീലങ്കയെ എന്തിന് ഇതിലേക്ക് വലിച്ചിഴച്ചു? ഏതായാലും തങ്ങളുടെ കളിക്കാർ ആക്രമിക്കപ്പെട്ടതിനെ ചൊല്ലി പാകിസ്താൻ എന്ന രാജ്യവുമായി ഒരു വഴക്കിനുമില്ലെന്ന് ശ്രീലങ്കൻ വിദേശകാര്യമന്ത്രാലയം പ്രസ്താവനയിറക്കിയത് ശ്രദ്ധേയമാണ്. ഇന്ത്യയെ കൊഞ്ഞനംകുത്തുന്ന രീതിയിൽ ഈ പര്യടനം ഏറ്റുപിടിച്ചതിന് പാകിസ്താനിൽ കിട്ടിയ ശിക്ഷ ശ്രീലങ്ക എന്ന രാജ്യം വളരെ വിധേയത്വത്തോടെയാണ് ഏറ്റുവാങ്ങിയത്.

ബംഗ്ലാദേശിൽ നടന്ന പട്ടാളകലാപത്തെ വിലയിരുത്തുമ്പോഴും ഇത്തരം ചില ദുരൂഹതകൾ ബാക്കിയാവുന്നുണ്ട്. ബംഗ്ലാദേശ് സൈന്യത്തിനകത്ത് കലാപമുണ്ടാക്കി അവിടത്തെ സർക്കാറിനെ ദുർബലമാക്കുന്നത് എങ്ങനെയാണ് ലശ്കറിന്റെയോ പാകിസ്താന്റെയോ താൽപര്യങ്ങൾക്കു സഹായകമായിത്തീരുന്നത്? രാഷ്ട്രീയ നേതൃത്വത്തേക്കാളുപരി ബംഗ്ലാദേശിലെ സൈനിക നേതൃത്വമാണ് ഇന്ത്യൻ താൽപര്യങ്ങളുമായി കൂടുതൽ യോജിച്ചുനിൽക്കുന്നവർ എന്നതാണ് വസ്തുത. കൊല്ലപ്പെട്ട സൈനിക മേധാവിയെ കുറിച്ച് പുറത്തുവന്ന വാർത്തകൾ ഉദാഹരണം. അതേസമയം ഏതു രാജ്യത്തിലെയായാലും സൈന്യത്തിനകത്ത് കുഴപ്പമുണ്ടാക്കിയാൽ അതിൽ അന്തിമമായി വിജയിക്കാനാവുന്നില്ലെങ്കിൽ പിന്നീട് എന്താണുണ്ടാവുകയെന്ന് ലശ്കറെ ത്വയ്യിബക്ക് അറിയില്ലെന്നാണോ? ഇനി അതല്ല ബംഗ്ലാദേശിലെ ഇപ്പോഴത്തെ രാഷ്ട്രീയ നേതൃത്വത്തെ പ്രകോപിപ്പിക്കുകയാണ് ലക്ഷ്യമെന്നു വിചാരിക്കുക. അതു കൊണ്ട് അവിടെയുള്ള ഏത് ലശ്കറിനാണാവോ നേട്ടമുണ്ടാവാൻ പോകുന്നത്? പട്ടാളഭരണകൂടങ്ങൾക്ക് മേൽക്കൈ ഉണ്ടായാൽ മേഖലയിലെ ചിത്രം സംഘർഷാത്മകമാകുമെന്നത് ആരുടെ മനപ്പായസമാണ്? ലശ്കറിന്റേതാണെന്നു സങ്കൽപ്പിക്കുക. എവിടെയിരുന്നാണ് അവരത് ഉണ്ണുമായിരുന്നത്?

മുംബൈ ആക്രമണം നടത്താൻ ലശ്കറിനെ പ്രേരിപ്പിച്ച വികാരം ഇന്ത്യാ വിരോധമാണെന്നത് യുക്തിയുടെ തേട്ടമാണെങ്കിൽ ശ്രീലങ്കൻ സംഭവവും ധാക്ക സംഭവവും ഇന്ത്യയുടെ താൽപര്യങ്ങളെ അനുകൂലിക്കുന്നവയാണെന്നും സമ്മതിക്കേണ്ടിവരും. അന്തിമമായി മൂന്നു സംഭവങ്ങളും പാകിസ്താൻ വിരുദ്ധമാണെന്ന വിലയിരുത്തലാണ് കൂടുതൽ ശരി. ■